മൂന്ന് സമയങ്ങളിൽ നിസ്കരിക്കുകയോ, മരിച്ചവരെ
ഖബ്റടക്കുകയോ ചെയ്യുന്നത് നബി -صلى الله عليه وسلم- ഞങ്ങളോട്
വിലക്കിയിരുന്നു
ഉഖ്ബത്തു ബ്നു ആമിർ (رضي الله عنه) നിവേദനം: "മൂന്ന് സമയങ്ങളിൽ നിസ്കരിക്കുകയോ,
മരിച്ചവരെ ഖബ്റടക്കുകയോ ചെയ്യുന്നത് നബി -صلى الله عليه وسلم- ഞങ്ങളോട് വിലക്കിയിരുന്നു. സൂര്യൻ
ഉദിച്ചുവരുന്ന സമയം മുതൽ ഉദിച്ചുയരുന്നതു വരെ. സൂര്യൻ മദ്ധ്യത്തിൽ നിൽക്കുന്നത്
മുതൽ അത് മദ്ധ്യത്തിൽ നിന്ന് തെറ്റുന്നത് വരെ. സൂര്യൻ അസ്തമിക്കുന്നത്
തുടങ്ങുന്നത് മുതൽ അസ്തമിച്ചു തീരുന്നത് വരെ."
[صحيح] [رواه مسلم]
പകലിൻ്റെ മൂന്ന് സമയങ്ങളിൽ സുന്നത്തായ നിസ്കാരങ്ങൾ നിർവ്വഹിക്കുന്നതോ, മരിച്ചവരെ
മറവ് ചെയ്യുന്നതോ നബി -صلى الله عليه وسلم-വിലക്കിയിരിക്കുന്നു. ഒന്നാമത്തെ സമയം: സൂര്യൻ ഉദിച്ചുയരുന്ന
സമയമാണ്; സൂര്യൻ ഉദിക്കുന്നതിൻ്റെ തുടക്ക സമയം മുതൽ ഒരു കുന്തത്തിൻ്റെ ഉയരത്തോളം അത്
ഉയരുന്നത് വരെയുള്ള സമയമാണത്. ഏകദേശം കാൽ മണിക്കൂർ സമയമാണ് ഈ സമയത്തിൻ്റെ ദൈർഘ്യം.
രണ്ടാമത്തെ സമയം: സൂര്യൻ ആകാശത്തിൻ്റെ മദ്ധ്യത്തിൽ വന്നെത്തുന്ന സമയമാണ്. ഈ സമയത്ത്
സൂര്യന് കിഴക്കുഭാഗത്തോ പടിഞ്ഞാറ് ഭാഗത്തോ നിഴലുണ്ടായിരിക്കുകയില്ല. ഈ സമയം മുതൽ
സൂര്യൻ മദ്ധ്യത്തിൽ നിന്ന് നീങ്ങുന്നത് വരെ -അതായത്, ദ്വുഹർ നിസ്കാരത്തിൻ്റെ സമയം
ആരംഭിക്കുന്നത് വരെ- ഈ വിലക്ക് നീണ്ടുനിൽക്കും. ഏകദേശം അഞ്ചു മിനിറ്റ് മാത്രം
നീണ്ടേക്കാവുന്ന, വളരെ കുറഞ്ഞ ഒരു സമയമാണിത്. മൂന്നാമത്തെ സമയം: സൂര്യൻ പടിഞ്ഞാറ്
അസ്തമിക്കാൻ ആരംഭിക്കുന്നത് മുതൽ അസ്തമിച്ചു തീരുന്നത് വരെ.
https://sunnah.global/hadeeth/ml/show/10604